**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4829** **02-07-2024 - ൽ മറുപടിയ്ക്ക്**

**പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ ലഭ്യമാക്കുന്നതിനായുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രീമെട്രിക് സ്കോളർഷിപ്പുകൾ ലഭിക്കുന്നതിന് പട്ടികജാതി വിദ്യാർത്ഥികൾക്ക് ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ എന്നിവ നിർബന്ധമാക്കി ഉത്തരവിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | പട്ടികജാതി വിദ്യാർഥികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പുകൾ ലഭിക്കുന്നതിന് ജാതി സർട്ടിഫിക്കറ്റ് നിർബന്ധമാണ്. സംസ്ഥാനത്ത് പ്രീമെട്രിക് സ്കോളർഷിപ്പുകൾ ലഭിക്കുന്നതിന് വരുമാന പരിധി ബാധകമല്ല.<br><br>2023-24 വരെ സർട്ടിഫിക്കറ്റുകൾ അതാത് സ്കൂൾ മേധാവികൾ പരിശോധിച്ച് സ്കോളർഷിപ്പ് അപേക്ഷ ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന ഓൺലൈനായി അയക്കുകയാണ് ചെയ്തിരുന്നത്. ഇ-ഗ്രാന്റ്സ് പോർട്ടൽ ഇ-ഡിസ്ട്രിക്ട് പോർട്ടലുമായി ഇന്റഗ്രേറ്റ് ചെയ്തത് വഴി ജാതി സർട്ടിഫിക്കറ്റ് സ്കൂൾ ലോഗിനിൽ നിന്നും ഓൺലൈനായി വാലിഡേറ്റ് ചെയ്യുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>വിദ്യാഭ്യാസ പദ്ധതികൾക്ക് വേണ്ടി വിദ്യാർത്ഥികളിൽ നിന്നും എപ്പോഴും ജാതി/വരുമാന/മറ്റ് അടിസ്ഥാന സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നത് ഒഴിവാക്കി, പകരമായി ഇ-ഗ്രാന്റ്സ് പോർട്ടലിൽ നിന്നും ജനറേറ്റ് ചെയ്തെടുക്കാവുന്ന ഇ- ഗ്രാന്റ്സ് ഐ.ഡി അടിസ്ഥാന രേഖയായി വ്യവസ്ഥ ചെയ്ത് കൊണ്ടും ഉത്തരവായിട്ടുണ്ട്.<br><br>ഇ- ഗ്രാന്റ്സ് ഐ.ഡി ജനറേറ്റ് ചെയ്യുന്നതിന്റെ ഭാഗമായി പ്രീമെട്രിക് തലത്തിൽ (എൽ.പി/യു.പി/ഹൈസ്കൂൾ) തലത്തിൽ ഒറ്റത്തവണ ജാതി/വരുമാന സർട്ടിഫിക്കറ്റുകൾ വാലീഡേറ്റ് ചെയ്യേണ്ടതായുണ്ട്. തുടർന്ന് വരുന്ന എല്ലാ വരുമാന അധിഷ്ഠിത പദ്ധതികൾക്കും സ്കൂൾ ലോഗിൻ മുഖേന തന്നെ ജാതി/വരുമാന/മറ്റ് അടിസ്ഥാന സർട്ടിഫിക്കറ്റുകൾ ഓരോ തവണയും പ്രത്യേകമായി ഹാജരാക്കാതെ ഇ-ഗ്രാന്റ്സ് ഐ. ഡി ഉപയോഗിച്ച് അപേക്ഷ ഓൺലൈനായി സമർപ്പിക്കാൻ കഴിയുന്നതുമാണ്. |

| | | | |
|---|---|---|---|
| (ബി) | നിലവിൽ പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ ലഭിക്കുന്നതിന് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള വരുമാനപരിധി എത്രയാണ് ; പ്രസ്തുത വരുമാനപരിധിക്ക് മുകളിലുള്ളവർക്ക് സംസ്ഥാന സർക്കാർ നിലവിൽ പ്രീ-മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നുണ്ടോയെന്ന വിശദാംശം നൽകുമോ; | (ബി) | കുടുംബ വാർഷിക വരുമാന പരിധി 2.50ലക്ഷം രൂപയായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. 9-10 ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് മാത്രമാണ് കേന്ദ്ര സർക്കാർ സ്കോളർഷിപ്പിന്റെ 60% തുക നൽകുന്നത്. 40% സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. കൂടാതെ അനാരോഗ്യകരമായ ചുറ്റുപാടുകളിൽ പണിയെടുക്കുന്നവരുടെ ആശ്രിതരായ 9-10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ജാതി/ മതം/ വരുമാന പരിധി കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടില്ല.<br><br>കേന്ദ്രം നിശ്ചയിച്ച വരുമാന പരിധിയായ 2.50 ലക്ഷം രൂപക്ക് മുകളിലുള്ളവർക്ക് വരുമാന പരിധിയില്ലാതെ സംസ്ഥാന സർക്കാർ പ്രീമെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നുണ്ട്. കൂടാതെ 1 മുതൽ 8 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർഥികൾക്ക് സംസ്ഥാന സർക്കാരാണ് പ്രീ-മെട്രിക് സ്കോളർഷിപ്പ് തുക പൂർണ്ണമായും അനുവദിക്കുന്നത്. |
| (സി) | വരുമാന സർട്ടിഫിക്കറ്റ് നിർബന്ധമാക്കുന്നതിലൂടെ മേൽപ്പറഞ്ഞ പരിധിക്ക് മുകളിൽ ഉള്ള നിലവിൽ പ്രസ്തുത സ്കോളർഷിപ്പ് ലഭിക്കുന്ന കുട്ടികൾക്ക് ആനുകൂല്യം നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുമോ; വിശദാംശങ്ങൾ നൽകുമോ ? | (സി) | വിവിധ പദ്ധതികൾക്ക് ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ അതാത് സമയങ്ങളിൽ ഹാജരാക്കേണ്ടുന്ന സാഹചര്യം ഒഴിവാക്കുന്നതിനും സർക്കാർ ഉത്തരവു പ്രകാരം ജാതി, വരുമാന സർട്ടിഫിക്കറ്റുകൾക്കു പകരം ഇ-ഗ്രാന്റ്സ് ഐഡി ജനറേറ്റ് ചെയ്യുന്നതിനും വേണ്ടിയാണ് സ്കൂൾ ലോഗിനുകൾ മുഖേന വരുമാന സർട്ടിഫിക്കറ്റ് വാലിഡേഷൻ നടത്തി വരുന്നത്. സ്റ്റേറ്റ് പ്രീമെട്രിക് സ്കോളർഷിപ്പുകൾക്ക് വരുമാന പരിധി ബാധകമല്ലാത്തതിനാൽ കേന്ദ്ര മാനദണ്ഡ പ്രകാരമുള്ള വരുമാന പരിധിയായ 2.50 ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന പട്ടികജാതി വിദ്യാർഥികൾക്ക് സ്റ്റേറ്റ് പ്രീമെട്രിക് സ്കോളർഷിപ്പ് ആനുകൂല്യം നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നില്ല. |

സെക്ഷൻ ഓഫീസർ